**<u>ഭരണഭാഷ-മാതൃഭാഷ</u>**

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ


പിൻ കോഡ്- 673032

GSTIN:32AAALS4147A5ZE

ഫോൺ നമ്പർ : 0495-2365040

https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com


നമ്പർ: 1384828-2024 തീയതി : 06-07-2024

### ലേലം/പുനർലേലം/ടെണ്ടർ /ഓഫർ നിബന്ധനകൾ

1.കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ വക വിവിധ കെട്ടിടങ്ങളിലെ കടമുറികൾക്ക് നിലവിലുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 17/07/2024 തിയതി രാവിലെ 11 മണിക്ക് ലേല നടപടികൾ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം രാവിലെ 10.30 മുതൽ 3 മണി വരെ ഓഫറുകൾ സ്വീകരിക്കുന്നതാണ്.

2.പുനർലേലം/ടെണ്ടർ/ഓഫർ പങ്കെടുക്കുന്നവർ പുനർലേലം/ടെണ്ടറിന്/ഓഫറിന് മുമ്പേ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്

3.പുനർലേലത്തിൽ/ഓഫറിൽ പങ്കെടുക്കുന്നവർ രാവിലെ 10.30 മണിക്ക് മുമ്പ് പുനർലേലം/ഓഫർ നടത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെ ലേലം പരസ്യത്തിൽ പ്രസിദ്ധപ്പെടുത്തിയത് പ്രകാരമുള്ള തുകക്ക് നിരതദ്രവ്യം കെട്ടിവെക്കുകയോ നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രഫ്റ്റ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതും, നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്/നഗരസഭ ഫണ്ടിൽ തുക ഒടുക്കിയതിനുള്ള രസീതി എന്നിവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

4.നിലവിലുള്ള അവസ്ഥയിൽ മൂന്ന് വർഷത്തേക്ക് മുറി അനുവദിക്കുന്നതിനാണ് പുനർ ലേലം/ടെണ്ടർ/ഓഫർ നടത്തുന്നത്. ലേലത്തിൽ പങ്കെടുക്കുന്നവർ ആയതിന് മുമ്പ് മുറി നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. പുനർലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ചശേഷം എന്തെങ്കിലും ന്യൂനത കാണിച്ചുകൊണ്ട് മുറി ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല. ലേല നിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടി നഷ്ടോത്തരവാദിത്വത്തിൽ ലേലം/ടെണ്ടർ നടത്തുന്നതാണ്.

5.ഏറ്റവും കൂടുതൽ തുകയ്ക്ക് പുനർലേലം/ടെണ്ടർ/ഓഫർ ക്വാട്ട് ചെയ്യുന്നവർക്ക് ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ഒന്നും രണ്ടും സ്ഥാനക്കാരുടേത് ഒഴികെയുള്ള നിരതദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതാണ്. രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം, പുനർലേലം/ടെണ്ടർ/ഓഫർ കൗൺസിൽ അംഗീകരിച്ച ശേഷം തിരിച്ചു നൽകുന്നതാണ്. നിരതദ്രവ്യത്തിലോ, ഡെപ്പോസിറ്റിലോ യാതൊരുവിധ പലിശയും നൽകുന്നതല്ല.

6.പുനർലേലം/ടെണ്ടർ/ഓഫർ കൗൺസിൽ സ്ഥിരപ്പെടുത്തുന്ന പക്ഷം, 12 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക ഡോപ്പോസിറ്റായും, 12 മാസത്തെ അഡ്വാൻസ് ലൈസൻസ് ഫീസും, ഓഫീസിൽ നിന്നും ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം അടവാക്കേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ ഫോട്ടോ പതിച്ച് ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതുമാണ്. അന്നുതന്നെ റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് താക്കോൽ കൈപ്പറ്റി മുറി ഏറ്റെടുക്കേണ്ടതാണ്. മുറിയുടെ ലൈസൻസ് ഫീസ് അന്നുമുതൽ പ്രാബല്യത്തിൽ വരുന്നതാണ്. യഥാകാലം മുറി ഏറ്റെടുത്തില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതും മുറി തുടർന്ന് വീണ്ടും ലേലം/ടെണ്ടർ ചെയ്യുന്നതുമാണ്.

7.അതാത് കാലത്തുള്ള നിയമാനുസൃത ജി.എസ്.ടി, ഇൻകം ടാക്സ്, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവ ലൈസൻസി അടവാക്കേണ്ടതാണ്.

8.ഏതെങ്കിലും കാരണത്താൽ പുനർലേലം/ടെണ്ടർ/ഓഫർ പ്രസ്തുത ദിവസം നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ നടത്തുന്നതാണ്.

9.പുനർലേലം/ടെണ്ടർ/ഓഫർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷൻ
Non Tax
റവന്യൂ വിഭാഗം